പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 715 02.11.2011-ൽ മറുപടിയ്ക്ക്

സ്കൂളുകളിലെ മലയാള പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാളം ഒരു നിർബന്ധിത വിഷയമായി പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ മറ്റ് ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളടക്കം എല്ലാ സ്കൂളുക - ളിലും മലയാളം നിർബന്ധിത വിഷയമായി പഠിപ്പിക്കണമെന്ന് സ:ഉ(പി) നം: 183/2011/പൊ.വി തിയതി 01.09.2011 പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോൾ മലയാളം പഠിപ്പിക്കാത്ത ഏതെല്ലാം സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ; | (ബി) സംസ്ഥാനത്തെ കന്നട, തമിഴ് മീഡിയം സ്കൂളുകളിലും, അറബി, ഉറുദു, സംസ്കൃതം (ഓറിയന്റൽ) |

(.................2)

| | |
|---|---|
| | എന്നീ സ്കൂളുകളിലും ഒഴികെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നുണ്ട്. |
| (സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും മലയാളം നിർബന്ധിതമാക്കി - യിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | (സി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 10-ാം ക്ലാസുവരെ മലയാളം നിർബന്ധവിഷയമാ - ക്കിയിട്ടുണ്ട്. |
| (ഡി) മലയാളഭാഷാ പഠനം സംബന്ധിച്ച ഉത്തരവ് മാനിക്കാത്ത ഏതെല്ലാം സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട് ? | (ഡി) മലയാള ഭാഷാപഠനം സംബന്ധിച്ച ഉത്തരവ് മാനിക്കാത്ത സ്കൂളുകളുടെ അംഗീകാരം റദ്ദാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി-ക്കൊണ്ട് 06.05.2011-ലെ സ:ഉ (എം.എസ്) നമ്പർ 103/2011/പൊ.വി. 27.06.2011 ലെ സ:ഉ(എം.എസ്) നമ്പർ 148/2011, 01.09.2011 -ലെ സ:ഉ (പി) നം: 183/2011/പൊ.വി. എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ മറ്റ് ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ് എന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 10-ാം ക്ലാസുവരെ മലയാളം നിർബന്ധഭാഷയായിരിക്കും. കന്നട, തമിഴ് മീഡിയം സ്കൂളുകളിലും , അറബി, ഉറുദു എന്നി ഓറിയന്റൽ സ്കൂളുകളും ഒഴികെ എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നുണ്ട്. പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിലുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ